**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3932** **15-07-2022 - ൽ മറുപടിയ്ക്ക്**

**പഴകിയ മത്സ്യങ്ങൾ എത്താതിരിക്കുന്നതിന് എടുത്തിട്ടുള്ള മുൻകരുതലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ട്രോളിംഗ് കാലയളവിൽ അന്യ സംസ്ഥാനത്ത് നിന്നും രാസവസ്തുക്കൾ ചേർത്തതും, പഴകിയതുമായ മത്സ്യങ്ങൾ എത്താതിരിക്കുന്നതിന് സർക്കാർ എന്തൊക്കെ മുൻകരുതലുകളാണ് എടുത്തിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (എ) | മത്സ്യങ്ങളിലെ മായം കണ്ടെത്തുന്നതിനായി **'ഓപ്പറേഷൻ മത്സ്യ'** എന്ന ഒരു പദ്ധതിയ്ക്ക് രൂപം നൽകുയും 2022 ഏപ്രിൽ 18 മുതൽ സംസ്ഥാന വ്യാപകമായി അന്യ സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധിയ്ക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി **30/06/2022** വരെ **5798** മത്സ്യ പരിശോധനകൾ നടത്തുകയും, **2961** സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിയ്ക്കുകയും **139** വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും **28492** കിലോ കേടായ മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പരിശോധനകൾ തുടർന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ